പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1261

03..12.2015 ൽ മറുപടിയ്ക്ക്.

# നെൽവയൽ ഡേറ്റാബാങ്ക് രൂപീകരണം

ചോദ്യം

ശ്രീ.കെ.എൻ.എ.ഖാദർ :

ഉത്തരം

ശ്രീ .അടൂർ പ്രകാശ്

(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിൽ ഭേദഗതി വരുത്തുന്നതിനുള്ള ഉത്തരവ് പിൻവലിച്ചുകൊണ്ട് തീരുമാനമെടുത്തിട്ടുണ്ടോ;എങ്കിൽ പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിൽ ഭേദഗതി വരുത്തുന്നതിനുള്ള ഉത്തരവുകളൊന്നും പിൻവലിച്ചുകൊണ്ട് തീരുമാനമെടുത്തിട്ടില്ല. |
| (ബി) | സംസ്ഥാനത്തെ നെൽപ്പാടങ്ങളുടെ കണക്കെടുക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള നെൽവയൽ ഡേറ്റാബാങ്ക് രൂപീകരണം പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ എപ്പോൾ പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ; | (ബി) | 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങളിലെ ചട്ടം (4) പ്രകാരം കൃഷി ഓഫീസറും വില്ലേജ് ഓഫീസറും കൂടിയാണ് നെൽവയലുകളുടെയും തണ്ണീർത്തടങ്ങളുടെയും കരട് ഡാറ്റാബാങ്ക് തയ്യാറാക്കി പ്രാദേശികതല നിരീക്ഷണ സമിതിയുടെ |

| | | | |
|---|---|---|---|
| | | | പരിഗണനയ്ക്ക് സമർപ്പിക്കേണ്ടത്. സമിതി പരിശോധിച്ച് അന്തിമ രൂപം നൽകി അംഗീകരിച്ച നെൽവയലുകളുടെയും തണ്ണീർ-ത്തടങ്ങളുടെയും സർവ്വെ നമ്പരുകളും വിസ്തൃതിയുമടങ്ങിയ ഡാറ്റാബാങ്ക് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിക്ക് സമിതി അയച്ചുകൊടുക്കേണ്ടതാണ്. ഇത് ഒരു വിജ്ഞാപനമായി ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപന-ത്തിന്റെ സെക്രട്ടറിമാരാണ്. ഡാറ്റാബാങ്ക് പൂർത്തിയാക്കുന്ന-തിനുള്ള നടപടികൾ ത്വരിത-പ്പെടുത്തുന്നതാണ്. |
| (സി) | നെൽവയൽ ഡേറ്റാബാങ്ക് അടിയ-ന്തിരമായി പൂർത്തീകരിക്കുന്നതി-നായി നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം കൃത്യമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | നെൽവയൽ ഡാറ്റാബാങ്ക് അടിയ-ന്തിരമായി പൂർത്തീകരിക്കുന്ന-തിനായി നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം കൃത്യമായി നടപ്പിലാക്കുന്നതിന് നടപടികൾ അനുവർത്തിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ